**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 707** **08-10-2024 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ഫോർമർ ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യിൽ നിലവിൽ ട്രാൻസ്ഫോർമറുകളുടെ ലഭ്യതക്കുറവുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കുമോ; | (എ) | 2023-24 സാമ്പത്തിക വർഷത്തെ ട്രാൻസ്ഫോർമറുകളുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള എണ്ണം ട്രാൻസ്ഫോർമറുകൾക്ക് *(100കെ.വി.എ., 160കെ.വി.എ., 315കെ.വി.എ., 500കെ.വി.എ.)* 04.07.2023-ന് പർച്ചേയ്സ് ഓർഡർ നല്കിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പർച്ചേയ്സ് ഓർഡർ ലഭിച്ച പൊതുമേഖലാ സ്ഥാപനമായ KEL-ന്, സമയബന്ധിതമായി ട്രാൻസ്ഫോർമറുകൾ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ലഭ്യമാക്കാൻ സാധിച്ചില്ല. KEL ട്രാൻസ്ഫോർമറുകൾ ലഭ്യമാക്കാതിരുന്ന കാലയളവിലും, തുടർന്നും, ഈ ഓർഡറുകൾ മാറ്റി നല്കാൻ വേണ്ടിവന്ന കാലയളവിലും കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ട്രാൻസ്ഫോർമറുകളുടെ ലഭ്യത കുറവുണ്ടായിട്ടുണ്ട്. |
| (ബി) | ട്രാൻസ്ഫോർമർ ക്ഷാമം മൂലം പണമടച്ച സംരംഭകർക്ക് ട്രാൻസ്ഫോർമർ നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. എന്നാൽ നിലവിൽ ട്രാൻസ്ഫോർമർ ലഭിച്ചു തുടങ്ങിയതിനാൽ പണമടച്ച സംരംഭകർക്ക് ട്രാൻസ്ഫോർമർ നൽകി പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു. |
| (സി) | ട്രാൻസ്ഫോർമറുകളുടെ ലഭ്യതക്കുറവ് മൂലം അതിന്റെ കപ്പാസിറ്റിയിൽ അധികം ലോഡ് ഉണ്ടാകുന്ന പ്രദേശങ്ങളിൽ പീക് അവറുകളിൽ വൈദ്യുതി വിതരണം തടസ്സപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കഴിഞ്ഞ വേനൽക്കാലത്ത് ലോഡ് കൂടുതലുള്ള (രാത്രി) സമയങ്ങളിൽ സംസ്ഥാനത്തിന്റെ ചില സ്ഥലങ്ങളിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തുടനീളം നിലനിന്നിരുന്ന ഉഷ്ണതരംഗംമൂലം രാത്രി കാലങ്ങളിൽ ഡിമാൻഡിൽ ഉണ്ടായ അപ്രതീക്ഷിത വർദ്ധനവ് മൂലം വൈദ്യുതി വിതരണത്തിൽ തടസ്സം നേരിട്ടിട്ടുണ്ട്. ഓവർലോഡ് കാരണം ട്രാൻസ്ഫോർമറുകൾ തകരാറിലാകുന്നത് ഒഴിവാക്കുവാൻ ട്രാൻസ്ഫോർമറുകൾ സ്വാപ്പ് ചെയ്യുകയും, ലോഡ് ബാലൻസ് ചെയ്യുകയും, ലോഡ് കൂടിയ ട്രാൻസ്ഫോർമറുകളിൽ നിന്നും ലോഡ് കുറഞ്ഞ ട്രാൻസ്ഫോർമറുകളിലേക്ക് മാറ്റി ക്രമീകരണങ്ങൾ വരുത്തിയും പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്. കൂടാതെ ദ്യുതി-2 പദ്ധതിയിൽ ട്രാൻസ്ഫോർമറുകളുടെ ശേഷി |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനുള്ള കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തി, നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | എങ്കിൽ ട്രാൻസ്ഫോർമർ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | 2023-24 സാമ്പത്തിക വർഷത്തിലെ 100കെ.വി.എ., 160കെ.വി.എ., 315കെ.വി.എ., 500കെ.വി.എ. ട്രാൻസ്ഫോർമറുകളുടെ പർച്ചേയ്സ് ഓർഡർ ലഭിച്ച പൊതുമേഖലാ സ്ഥാപനമായ KEL, സമയബന്ധിതമായി ട്രാൻസ്ഫോർമറുകൾ ലഭ്യമാക്കാത്തതുമൂലമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ട്രാൻസ്ഫോർമറുകൾക്ക് ക്ഷാമം അനുഭവപ്പെട്ടിരുന്നത്. ആയതിനാൽ പ്രസ്തുത ഓർഡറുകൾ ഈ ദർഘാസിലെ L2 ബിഡറായ ട്രാൻസ്കോൺ ഇൻഡസ്ട്രീസ് (100കെ.വി.എ.), യൂണിപവ്വർ സിസ്റ്റംസ് (160കെ.വി.എ.,), കന്യകാ പരമേശ്വരി (315 കെ.വി.എ.) എന്നിവർക്ക് മാറ്റി നൽകിയിട്ടുണ്ട്. പ്രസ്തുത ഓർഡർ പ്രകാരമുള്ള ട്രാൻസ്ഫോർമറുകൾ അതത് കമ്പനികൾ സമയബന്ധിതമായി നല്കിയിട്ടുണ്ട്. ഷത്തിലെ 100കെ.വി.എ., 160കെ.വി.എ., 315കെ.വി.എ., 500കെ.വി.എ. ട്രാൻസ്ഫോർമറുകളുടെ പർച്ചേയ്സ് ഓർഡർ ലഭിച്ച പൊതുമേഖലാ സ്ഥാപനമായ KEL, സമയബന്ധിതമായി ട്രാൻസ്ഫോർമറുകൾ ലഭ്യമാക്കാത്തതുമൂലമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ട്രാൻസ്ഫോർമറുകൾക്ക് ക്ഷാമം അനുഭവപ്പെട്ടിരുന്നത്. ആയതിനാൽ പ്രസ്തുത ഓർഡറുകൾ ഈ ദർഘാസിലെ L2 ബിഡറായ ട്രാൻസ്കോൺ ഇൻഡസ്ട്രീസ് (100കെ.വി.എ.), യൂണിപവ്വർ സിസ്റ്റംസ് (160കെ.വി.എ.,), കന്യകാ പരമേശ്വരി (315 കെ.വി.എ.) എന്നിവർക്ക് മാറ്റി നൽകിയിട്ടുണ്ട്. പ്രസ്തുത ഓർഡർ പ്രകാരമുള്ള ട്രാൻസ്ഫോർമറുകൾ അതത് കമ്പനികൾ സമയബന്ധിതമായി നല്കിയിട്ടുണ്ട്.<br><br>500കെ.വി.എ.-യുടെ 11 എണ്ണം ട്രാൻസ്ഫോർമറുകൾക്ക് ഓർഡർ നല്കിയതിൽ 7 എണ്ണം ഇനിയും KEL കെ.എസ്.ഇ.ബി.ലിമിറ്റഡിന് നല്കാനുണ്ട്.<br><br>250കെ.വി.എ.യുടെ 75 എണ്ണം ട്രാൻസ്ഫോർമറുകളാണ് ആവശ്യമായിട്ടുണ്ടായിരുന്നത്. ആയതിന്റെ പർച്ചേയ്സ് ഓർഡർ ലഭിച്ച യൂണീപവ്വർ സിസ്റ്റംസ്, കോട്ടയം എന്ന കമ്പനി സമയബന്ധിതമായി തന്നെ ട്രാൻസ്ഫോർമറുകൾ ലഭ്യമാക്കിയിട്ടുള്ളതാണ്. ഇത് കൂടാതെ പ്രസ്തുത പർച്ചേയ്സ് ഓർഡറിന് 19 എണ്ണം ട്രാൻസ്ഫോർമറുകളുടെ അധിക ഓർഡർ നല്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ഇതും സമയബന്ധിതമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തെ ആവശ്യകതയ്ക്കനുസരിച്ചുള്ള ട്രാൻസ്ഫോർമറുകളുടെ ദർഘാസുകൾ വിളിച്ചിട്ടുള്ളതും പ്രസ്തുത ദർഘാസ് നടപടികൾ ഉടൻതന്നെ പൂർത്തിയാകുന്നതുമാണ് എന്ന് KSEBL അറിയിച്ചിരിക്കുന്നു.<br><br>500കെ.വി.എ.-യുടെ 11 എണ്ണം ട്രാൻസ്ഫോർമറുകൾക്ക് ഓർഡർ നല്കിയതിൽ 7 എണ്ണം ഇനിയും KEL കെ.എസ്.ഇ.ബി.ലിമിറ്റഡിന് നല്കാനുണ്ട്.<br><br>250കെ.വി.എ.യുടെ 75 എണ്ണം ട്രാൻസ്ഫോർമറുകളാണ് ആവശ്യമായിട്ടുണ്ടായിരുന്നത്. ആയതിന്റെ പർച്ചേയ്സ് ഓർഡർ ലഭിച്ച യൂണീപവ്വർ സിസ്റ്റംസ്, കോട്ടയം എന്ന കമ്പനി സമയബന്ധിതമായി തന്നെ ട്രാൻസ്ഫോർമറുകൾ ലഭ്യമാക്കിയിട്ടുള്ളതാണ്. ഇത് കൂടാതെ പ്രസ്തുത പർച്ചേയ്സ് ഓർഡറിന് 19 എണ്ണം ട്രാൻസ്ഫോർമറുകളുടെ അധിക ഓർഡർ നല്കിയിട്ടുണ്ട്. ഇതും സമയബന്ധിതമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തെ ആവശ്യകതയ്ക്കനുസരിച്ചുള്ള ട്രാൻസ്ഫോർമറുകളുടെ ദർഘാസുകൾ വിളിച്ചിട്ടുള്ളതും പ്രസ്തുത ദർഘാസ് നടപടികൾ ഉടൻതന്നെ പൂർത്തിയാകുന്നതുമാണ് എന്ന് KSEBL അറിയിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ